**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം - 2022 – ഒന്നാംഘട്ടം - ഡവലപ്പർ പെർമിറ്റ് അനുവദിക്കുന്നതിന് - വ്യവസായ വാണിജ്യ ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എഫ്) വകുപ്പ്**

സ.ഉ.(എം.എസ്.). 88/22/ഐഡി. തീയതി, തിരുവനന്തപുരം, 31/08/2022.

പരാമർശം :- 1. സ.ഉ. (സാധാ) നമ്പർ 31/2022/ഐഡി, തീയതി 02/04/2022.
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 30/07/2022 തീയതിയിലെ ഡിഐസി/13140/2018-ഐഡി-1 നമ്പർ കത്ത്.
3. 16/08/2022-ൽ ചേർന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്റ്റേറ്റ് സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ മിനിട്സ്.

**ഉ ത്ത ര വ്**

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും മാനദണ്ഡങ്ങളും പുറപ്പെടുവിച്ചുകൊണ്ട് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം-2022 പരമർശം 1 പ്രകാരം ഉത്തരവായിരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ഓൺലൈനായി ലഭിച്ച 24 അപേക്ഷകളിൽ ഡയറക്ടറേറ്റ് തലത്തിൽ പരിശോധന നടത്തി 11 അപേക്ഷകൾ സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റി മുൻപാകെ വയ്ക്കുന്നതിനായി പരമർശം 2 പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം പരിശോധിക്കുകയും 16/08/2022-ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റി മുൻപാകെ ടി അപേക്ഷകൾ തീരുമാനത്തിനായി വയ്ക്കുകയും ചെയ്തു. വ്യവസായ വാണിജ്യ ഡയറക്ടർ ലഭ്യമാക്കിയ 11 അപേക്ഷകളിൽ അനുയോജ്യമായതും താഴെപ്പറയുന്നവയുമായ 4 അപേക്ഷകൾക്ക് സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റിയോഗം പരമർശം 3 പ്രകാരം അംഗീകാരം നൽകി.

M/s. V.M.P.S Food Park & Ventures, Kannur.
M/s. Malabar Enterprises, Malappuram.
M/s. Indian Virgin Spices (P) Limited, Kottayam
M/s. Kadambur Industrial Park, Palakkad (for constructing SDF)

3.സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം - 2022 മായി ബന്ധപ്പെട്ട് 16/08/2022-ന് ചേർന്ന സ്റ്റേറ്റ് ലവൽ സെലക്ഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം),**
**സുമൻ ബില്ല,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്-I/ആഡിറ്റ്-II)-കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ-മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
സെക്ഷൻ ഓഫീസർ.

പകർപ്പ് :- വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.